ട്ടറുകളും അരൂർ കെൽട്രോൺ കൺട്രോൾസിൽ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. ഇന്റർനെറ്റ് സംവിധാനമുള്ള കമ്പ്യൂട്ടർ വീടുകളിൽ നൽകുവാനുള്ള പദ്ധതി ആദ്യം എറണാകുളം സിറ്റിയിൽ ആരംഭിക്കും. അതിന്റെ വിപണന സർവീസ് കേന്ദ്രം എറണാകുളം വൈറ്റിലയിൽ തുടങ്ങാനാണ് പരിപാടി. പിന്നീട് മറ്റുള്ള സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കും. കൂടാതെ കമ്പ്യൂട്ടർ ഉപഭോക്താവിന് കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള പരിജ്ഞാനം എറണാകുളത്തുള്ള ട്രെയിനിംഗ് സെന്ററിൽ നിന്നുതന്നെ ലഭ്യമാക്കാൻ പരിപാടിയുണ്ട്.

(സി) കമ്പ്യൂട്ടർ ഉൽപാദന മേഖലയിൽ പ്രാവീണ്യമുള്ള എൻജിനീയർമാർ കെൽട്രോണിലുണ്ട്. എൻജിനീയറിംഗ് സോഫ്റ്റ്വെയർ സർവ്വീസിംഗ് എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള എൻജിനീയർമാരും കെൽട്രോണിലുണ്ട്. കൂടാതെ പ്രാവീണ്യമുള്ള എൻജിനീയർമാരെ ആവശ്യമുള്ള മുറയ്ക്കു നിയമിക്കാൻ നടപടി എടുക്കും.

(ഡി) കെൽട്രോണിന്റെ മേൽനോട്ടത്തിൽ പൂർണ്ണതോതിലുള്ള സോഫ്റ്റ്വെയർ വികസനകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്. അതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തു വരികയാണ്. ഇതിനുവേണ്ടിയുള്ള ഒരു ജനറൽ മാനേജരെ (ഐ.റ്റി) നിയമിക്കുവാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഹാർഡ്വെയർ രംഗത്ത് കസ്റ്റമർ സർവീസ് സൗകര്യങ്ങൾ തിരുവനന്തപുരത്തും അരൂരിലും കൊച്ചിയിലും കോട്ടയത്തും കോഴിക്കോടും നിലവിലുണ്ട്. ഈ സൗകര്യങ്ങൾ വിപുലീകരിക്കാൻ പരിപാടിയുണ്ട്.

(ഇ) ഇപ്പോൾ വിഭാവനം ചെയ്ത ഈ പദ്ധതിപ്രകാരം ഏകദേശം 5 മുതൽ 10% വരെ ലാഭം പ്രതീക്ഷിക്കുന്നു.

പ്ലസ് ടു കോഴ്സ് അനുവദിച്ച നടപടി

29 (* 119)ശ്രീ. കെ.നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ്.തോമസ് :

ശ്രീ. തോമസ് ചാഴിക്കാടൻ :

ശ്രീ. കെ.എം.മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകൾക്ക് പ്ലസ് ടു കോഴ്സ് അനുവദിച്ച നടപടി കോടതി അലക്ഷ്യമാണെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം വിധി ഉണ്ടാകാനിടയായ സാഹചര്യം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധിപ്രകാരം സംസ്ഥാനത്തെ ഏതൊക്കെ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ ലഭിക്കാനിടയുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നല്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ) കോടതി അലക്ഷ്യത്തിന് വഴിവയ്ക്കുന്നുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്ലസ് ടു കോഴ്സ് അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച രണ്ട് ഗവൺമെന്റ് ഉത്തരവുകൾ 17.2000-ൽ ബഹു : കേരള ഹൈക്കോടതി റദ്ദ് ചെയ്തതിനെത്തുടർന്ന്, ഗവൺമെന്റ് പതിനാലു ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ, അതാതു ജില്ലാ പഞ്ചായത്തു പ്രസിഡന്റും ജില്ലാകളക്ടറും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഉൾപ്പെട്ടതായിരുന്ന കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റികൾ കോഴ്സിന് അപേക്ഷിച്ചിരുന്ന ഓരോ സ്കൂളും പരിശോധിച്ച് സമർപ്പിച്ച ശുപാർശകൾ പിന്നീട് സർക്കാർ വിശദമായി പഠിച്ചു. അതിനു ശേഷം 30.3.2000-ൽ പുറത്തിറക്കിയിരുന്ന ജി.ഒ.(എം.എസ്) 107/2000/പൊ.വി. നമ്പർ ഉത്തരവിൽ ഉണ്ടായിരുന്നതും ഹൈക്കോടതി സ്വമേധയാ നിർദ്ദേശിച്ചതുമായ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തികൊണ്ടാണ് യോഗ്യതയുള്ള സ്കൂളുകളെ തെരഞ്ഞെടുത്ത ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ ഇത്തവണയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്നില്ലെന്നാണ് ബഹു : ഹൈക്കോടതി അഭിപ്രായപ്പെട്ടത്.

(സി,ഡി) പതിനഞ്ച് ദ.പി.കളിന്മേലാണ് ഹൈക്കോടതി 24.11.2000-ൽ വിധി പ്രസ്താവിച്ചത്. ഇതിൽ ചില സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷമോ അടുത്ത അദ്ധ്യയനവർഷമോ പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്ന് പറഞ്ഞിരുന്നു. ഹൈക്കോടതിയുടെ ചില പരാമർശങ്ങൾ ഒഴിവാക്കി കിട്ടുന്നതിനായി സർക്കാർ അപ്പീൽ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

30 (* 120)ശ്രീ. ജോർജ് ജെ.മാത്യു :

ശ്രീ. കെ.എ.ചന്ദ്രൻ :

ശ്രീ. എ.കെ.മണി :

ശ്രീ. വി.ജെ.പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിരുന്നത്;

(ബി) 2000-2001 സ്കൂൾ വർഷത്തിൽ സ്കൂൾ അനുവദിച്ചുകൊണ്ട് ആദ്യം പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിക്കൊണ്ടും മാർഗ്ഗനിർദ്ദേശപ്രകാരം സ്കൂളുകൾ പുതുതായി അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും 2000 ജൂലൈ 7-ന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ;

(സി) അതുപ്രകാരം 387 വിദ്യാലയങ്ങളിൽ അനുവദിച്ച പ്ലസ് ടു കോഴ്സ് ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളും കോടതി ഉത്തരവും ലംഘിച്ചുകൊണ്ടുള്ളതാണെന്ന് വീണ്ടും ഹൈക്കോടതി വിധിച്ചുവോ;

(ഡി) എങ്കിൽ ഇങ്ങനെ സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ) മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly